REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 16-08-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യത്തേക്ക് ഉണ്ടാകുന്ന അനധികൃത കുടിയേറ്റം ഏറ്റവും വലിയ സാമൂഹ്യ ഭീഷണിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഭീകരവാദത്തിനെതിരെ രാജ്യം ശക്തമായ നിലപാട് സ്വീകരിച്ചതായും പ്രധാനമന്ത്രി വ്യക്തമാക്കി.**
- **വരും തലമുറ GST പരിഷ്ക്കരണത്തെ സ്വാഗതം ചെയ്ത് വാണിജ്യ- വ്യവസായ മേഖല.**
- **ഡൊണാൾഡ് ട്രംപ്- വ്ലാഡിമർ പുടിൻ കൂടിക്കാഴ്ച അവസാനിച്ചു.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യത-അഞ്ച് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**
- **രാമായണ മാസാചരണത്തിന് ഇന്ന് സമാപനമാകും- നാളെ ചിങ്ങം ഒന്ന്.**

## വാർത്തകൾ വിശദമായി

രാജ്യത്തേക്ക് ഉണ്ടാകുന്ന അനധികൃത കുടിയേറ്റം ഏറ്റവും വലിയ സാമൂഹ്യ ഭീഷണിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാതന്ത്ര്യ ദിന പ്രസംഗത്തിൽ മുന്നറിയിപ്പു നൽകി. ഇത്തരം കുടിയേറ്റം തടയാൻ ഉന്നതാധികാര ഡെമോഗ്രഫി മിഷൻ രൂപീകരിക്കുമെന്ന് അദ്ദേഹം ചുവപ്പുകോട്ടയിൽ രാജ്യത്തെ അഭിസംബോധന ചെയ്യവെ വ്യക്തമാക്കി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

നുഴഞ്ഞുകയറ്റത്തിലൂടെ രാജ്യത്തെ യുവതലമുറയുടെ ഉപജീവന വിഭവങ്ങൾ തട്ടിയെടുക്കാനും, നാടിന്റെ സാമൂഹ്യക്രമം മാറ്റിമറിയ്ക്കാനും ഗൂഢശ്രമം നടക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ആദിവാസികളുടെ ഭൂമി തട്ടിയെടുക്കുകയും, സഹോദരിമാരെയും പെൺമക്കളെയും ലക്ഷ്യമിടുകയും ചെയ്യുന്ന നുഴഞ്ഞുകയറ്റക്കാരുടെ ഭീഷണി വെല്ലുവിളിയായി മാറിക്കഴിഞ്ഞെന്നും പ്രധാനമന്ത്രി വിലയിരുത്തി. അതിർത്തികളിലെ സാമൂഹികവും ജനസംഖ്യാപരവുമായ മാറ്റങ്ങൾ ദേശീയസുരക്ഷയ്ക്ക് വൻ ഭീഷണിയാണെന്നും നരേന്ദ്രമോദി പറഞ്ഞു.

ഭീകരവാദത്തിനെതിരെ രാജ്യം വ്യക്തമായ നിലപാട് സ്വീകരിച്ചതായി ഇന്നലെ രാജ്യത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി നരേന്ദ്രമോദി അറിയിച്ചു. ഭീകരവാദത്തെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവരെയും ഭീകരവാദികളെ ശാക്തീകരിക്കുന്നവരെയും ഇനി വേർതിരിച്ചുകാണില്ല. അവർ മാനവരാശിയുടെ ശത്രുക്കളാണെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

ആണവഭീഷണി ഇനിയും സഹിക്കേണ്ടതില്ലെന്ന ശക്തമായ തീരുമാനം രാജ്യം സ്വീകരിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു. ഇന്ത്യക്കെതിരെ ആണവായുധം ഉപയോഗിക്കുമെന്ന ഭീഷണി ഇനി വിലപ്പോവില്ലെന്നും അദ്ദേഹം പറഞ്ഞു.

ബ്രിട്ടീഷ് കാലഘട്ടം മുതൽ രാജ്യത്തെ അലട്ടിയിരുന്ന ശിക്ഷാ നിയമത്തിന്റെ ഭാരം പുതുതായി കൊണ്ടുവന്ന ഭാരതീയ ന്യായ സംഹിതയടക്കം നിയമങ്ങളിലൂടെ മറികടക്കാനായെന്ന് പ്രധാനമന്ത്രി പറഞ്ഞു. ചെറിയ പ്രശ്നങ്ങളുടെ പേരിൽ പോലും ആളുകളെ ജയിലിലടയ്ക്കുന്ന നിയമങ്ങൾ രാജ്യത്ത് ഉണ്ടായിരുന്നു. ഇത്തരം അനാവശ്യ നിയമങ്ങൾ റദ്ദാക്കണമെന്ന അഭിപ്രായം പ്രധാനമന്ത്രി പ്രസംഗത്തിൽ ആവർത്തിച്ചു.

✪✪✪

സ്വാതന്ത്ര്യദിന പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്ക്കരണത്തെ വാണിജ്യ- വ്യവസായ മേഖല സ്വാഗതം ചെയ്തു. നികുതിസംവിധാനം ലളിതമാക്കാനും, വ്യാപാര നടപടികൾ മെച്ചപ്പെടുത്താനും അനിവാര്യമായ നടപടിയായിരുന്നു ഇതെന്ന് വിവിധ സംഘടനകൾ അറിയിച്ചു. അഞ്ചു മുതൽ 28 ശതമാനം വരെ ചരക്കു സേവന നികുതി നൽകുന്ന വ്യാപാരി - വ്യവസായികൾക്ക് നീക്കം ഏറെ ആശ്വാസം നൽകുമെന്ന് അവർ വിശ്വാസം പ്രകടിപ്പിച്ചു. സാധാരണക്കാരിലെ നികുതി ഭാരം കുറയ്ക്കുന്ന തരത്തിൽ നടത്താനുദ്ദേശിക്കുന്ന പരിഷ്ക്കരണം ആഭ്യന്തരവ്യാപാരത്തെ പ്രോത്സാഹിപ്പിക്കുമെന്നും, സ്വദേശി ഉത്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുമെന്നുമാണ് പൊതു വിലയിരുത്തൽ.

✪✪✪

79-ാമത് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമു അറ്റ്-ഹോം വിരുന്ന് ഒരുക്കി. പ്രധാനമന്ത്രി നരേന്ദ്ര മോദി, മുൻ രാഷ്ട്രപതി രാം

നാഥ് കോവിന്ദ്, ലോക്സഭാ സ്പീക്കർ ഓം ബിർള, ചീഫ് ജസ്റ്റിസ് BR ഗവായ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. കൂടാതെ, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, JP നദ്ദ, ഡോ S ജയശങ്കർ, പിയൂഷ് ഗോയൽ, മനോഹർ ലാൽ, അനുപ്രിയ പട്ടേൽ, അർജുൻ റാം മേഘ്‌വാൾ എന്നിവരും മറ്റ് പ്രമുഖ വ്യക്തികളും അറ്റ്-ഹോമിൽ ഭാഗമായി.

✪✪✪

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഗവർണർ രാജേന്ദ്രവിശ്വനാഥ് ആർലേക്കറും രാജ്ഭവനിൽ അറ്റ്ഹോം വിരുന്ന് ഒരുക്കിയിരുന്നു. മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ, മുൻ കേന്ദ്രസഹമന്ത്രി O രാജഗോപാൽ, സ്വാതന്ത്ര്യസമര സേനാനികളായ S ബാലകൃഷ്ണൻ നായർ, P തങ്കപ്പൻപിള്ള, K രാഘവൻ നാടാർ, സംഗീതജ്ഞ ഡോ. ഓമനക്കുട്ടി, DGP രവദ ചന്ദ്രശേഖർ, കര-വ്യോമ-നാവികസേനാ ഉന്നത ഉദ്യോഗസ്ഥർ, രാഷ്ട്രീയ-സാമൂഹിക, -സാമുദായിക-സാംസ്കാരിക മേഖലകളിലെ പ്രമുഖരും, ഭിന്നശേഷിക്കാരായ കുട്ടികളും വിരുന്നിൽ പങ്കുചേർന്നു.

✪✪✪

79-ാം സ്വാതന്ത്ര്യ ദിനാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം ശംഖുമുഖത്ത് വ്യോമസേനാ ബാൻഡ് സംഗീത പരിപാടി സംഘടിപ്പിച്ചു. ഓപ്പറേഷൻ സിന്ദൂർ എന്ന പ്രമേയത്തിൽ ഒരുക്കിയ ദേശസ്നേഹവും, ഈണവും, താളവും തുളുമ്പിയ സംഗീത വിരുന്നിൽ ഒട്ടേറെപ്പേർ പങ്കുചേർന്നു.

✪✪✪

ശ്രീകൃഷ്ണ ജന്മാഷ്ടമി ദിനത്തിൽ രാജ്യത്തെയും വിദേശത്തെയും വിശ്വാസികൾക്ക് രാഷ്ട്രപതി ദ്രൗപതി മുർമു ആശംസകൾ നേർന്നു. ശ്രീകൃഷ്ണന്റെ ജീവിതവും ഉപദേശങ്ങളും ആളുകളെ സ്വയം വികസനത്തിലേക്കും സ്വയം സാക്ഷാത്കാരത്തിലേക്കും നയിക്കുമെന്ന് രാഷ്ട്രപതി പറഞ്ഞു. ധർമ്മത്തിന്റെ പാത പിന്തുടർന്ന് ആത്യന്തിക സത്യം കൈവരിക്കുന്നതിനെക്കുറിച്ച് ശ്രീകൃഷ്ണൻ മനുഷ്യരാശിയെ പ്രബുദ്ധരാക്കിയെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

✪✪✪

ചലച്ചിത്രരംഗത്ത് 50 വർഷം പൂർത്തിയാക്കിയ രജനീകാന്തിനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. വൈവിധ്യമാർന്ന വേഷങ്ങളിലൂടെ ആസ്വാദക തലമുറകളുടെ പ്രിയപ്പെട്ട താര ബിംബമായി രജനീകാന്ത് മാറിയെന്ന് അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. രജനീകാന്തിന് എല്ലാ ആയുരാരോഗ്യ സൗഖ്യങ്ങളും പ്രധാനമന്ത്രി നേർന്നു.

✪✪✪

നാഗാലാൻഡ് ഗവർണർ ലാ ഗണേശൻ അന്തരിച്ചു. ഇന്നലെ വൈകിട്ട് ചെന്നൈയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു 80 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

മുതിർന്ന BJP നേതാവായ ലാ ഗണേശനെ 2023 ഫെബ്രുവരിയിലാണ് നാഗാലാൻഡ് ഗവർണറായി നിയമിച്ചത്. സംസ്കാരം വൈകിട്ട് അഞ്ചിന് ചെന്നൈയിൽ നടത്തും.

ലാ ഗണേശന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ദുഃഖം അറിയിച്ചു.

✪✪✪

ദേശീയപാതാ അതോറിറ്റിയുടെ വാർഷിക ഫാസ്റ്റാഗ് പാസ് സംവിധാനം നിലവിൽ വന്നു. രാജ്യത്തെ 1,500 ഓളം ടോൾപ്ലാസകളിൽ ഒരു വർഷ കാലാവധിയോടുകൂടിയ പാസ് ഉപയോഗിച്ച് 200 തവണ സഞ്ചരിക്കാൻ കഴിയും. ഒരു ലക്ഷത്തി 40,000 ത്തോളം പേർ ആദ്യദിവസമായ ഇന്നലെ വൈകിട്ട് ഏഴു വരെ പുതിയ ഫാസ്റ്റാഗ് സൗകര്യം പ്രയോജനപ്പെടുത്തിയതായി അതോറിറ്റി അറിയിച്ചു. പാസ് ഉപയോഗിക്കുന്നവർക്ക് സുഗമമായ യാത്ര ഉറപ്പാക്കാൻ ഓരോ ടോൾപ്ലാസയിലും ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരെയും നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ടെന്ന് ഗതാഗത മന്ത്രാലയം അറിയിച്ചു. 3,000 രൂപയാണ് പാസിന്റെ വില. വാണിജ്യ വാഹനങ്ങൾക്ക് വാർഷിക പാസ് ബാധകമല്ല.

✪✪✪

ദേശീയപാതാ അതോറിറ്റിയുടെ വാർഷിക ഫാസ്റ്റാഗ് പാസ് സംവിധാനം നിലവിൽ വന്നു. രാജ്യത്തെ 1,500 ഓളം ടോൾപ്ലാസകളിൽ ഒരു വർഷ കാലാവധിയോടുകൂടിയ പാസ് ഉപയോഗിച്ച് 200 തവണ സഞ്ചരിക്കാൻ കഴിയും. ഒരു ലക്ഷത്തി 40,000 ത്തോളം പേർ ആദ്യദിവസമായ ഇന്നലെ വൈകിട്ട് ഏഴു വരെ പുതിയ ഫാസ്റ്റാഗ് സൗകര്യം പ്രയോജനപ്പെടുത്തിയതായി അതോറിറ്റി അറിയിച്ചു. പാസ് ഉപയോഗിക്കുന്നവർക്ക് സുഗമമായ യാത്ര ഉറപ്പാക്കാൻ ഓരോ ടോൾപ്ലാസയിലും ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരെയും നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ടെന്ന് ഗതാഗത മന്ത്രാലയം അറിയിച്ചു. 3,000 രൂപയാണ് പാസിന്റെ വില. വാണിജ്യ വാഹനങ്ങൾക്ക് വാർഷിക പാസ് ബാധകമല്ല.

✪✪✪

സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകി.

കനത്ത മഴയുടെ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി നൽകി.. കേരളാ കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 60 വരെ കീലോമീറ്റർ വേഗത്തിൽ കാറ്റ് വീശാൻ സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കനത്ത മഴയിൽ പാലക്കാട് ജില്ലയിലെ നെന്മാറ വില്ലേജിൽ ആറ്റുവായി പുഴ കരകവിഞ്ഞ് വീടുകളിൽ വെള്ളം കയറി.അട്ടപ്പാടി ഭവാനി പുഴയിൽ പരപ്പന്തറ ഭാഗത്ത് രണ്ട് തമിഴ്നാട് സ്വദേശികളെ ഒഴുക്കിൽപ്പെട്ട് കാണാതായി. നീരോഴുക്ക് വർദ്ധിച്ചതിനെ തുടർന്ന് കാഞ്ഞിരപ്പുഴ ഡാമിന്റെ ഷട്ടറുകൾ രാവിലെ 15 സെന്റി മീറ്റർ ആക്കി ഉയർത്തും. തീരവാസികൾക്ക് ജാഗ്രത നിർദ്ദേശം നൽകിയിട്ടുണ്ട്.കോഴിക്കോട് പെരുമണ്ണയിൽ മരം വീണ് വീട് ഭാഗികമായി തകർന്നു.

✪✪✪

രാമായണ മാസാചരണത്തിന് ഇന്ന് സമാപനമാകും. കർക്കിടകം ഒന്നിന് ക്ഷേത്രങ്ങളിലും വീടുകളിലും ആരംഭിച്ച രാമായണ പാരായണം പൂർത്തിയാകുന്നതിനൊപ്പം, നാലമ്പല ദർശനങ്ങളും ഇന്ന് അവസാനിക്കും.

നാളെ ചിങ്ങം ഒന്നിന് ഓണമാസ തുടക്കമാകും. ഈ മാസം 26 നാണ് അത്തം. ഇതോടെ പൂക്കളവും പൂവിളിയുമായി മലയാളത്തിന്റെ ഓണാഘോഷത്തിന് തുടക്കമിടും.

✪✪✪

ചിങ്ങമാസ പൂജകൾക്കായി ശബരിമലയിൽ വൈകിട്ട് അഞ്ചിന് നട തുറക്കും. ശബരിമല കീഴ്ശാന്തി നറുക്കെടുപ്പ്, പമ്പ ഗണപതിക്ഷേത്രം മേൽശാന്തി നെറുക്കെടുപ്പ് എന്നിവ നാളെ നടത്തും.

പത്തനംതിട്ടയിൽ നിന്ന് ജില്ലാപ്രതിനിധി ശ്രീജി S ശ്രീധർ.

.......(വോയ്സ്)..............

✪✪✪

തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലെ പുതിയ ഫ്ലഡ്ലൈറ്റുകൾ ഉദ്ഘാടനം ചെയ്തു. പുതിയ DMX നിയന്ത്രണ സംവിധാനത്തിന്റെ സാധ്യതകൾ പൂർണമായും ഉപയോഗിച്ച് ഉദ്ഘാടന ചടങ്ങിൽ ലേസർ ഷോ സംഘടിപ്പിച്ചിരുന്നു. കേരള ക്രിക്കറ്റ് അസോസിയേഷൻ 18 കോടി രൂപ ചെലവിലാണ് ഫ്ലഡ് ലൈറ്റ് സംവിധാനം സ്ഥാപിച്ചത്. കടകംപള്ളി സുരേന്ദ്രൻ MLA ലൈറ്റുകളുടെ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു.

കേരള ക്രിക്കറ്റ് ലീഗിന് മുന്നോടിയായി സൗഹൃദ ട്വന്റി-20 ക്രിക്കറ്റ് മത്സരം സ്റ്റേഡിയത്തിൽ നടത്തി. സഞ്ജു സാംസൺ നയിച്ച KCA സെക്രട്ടറി ഇലവൻ, KCA പ്രസിഡന്റ്സ് ഇലവനെ ഒരു വിക്കറ്റിന് തോൽപ്പിച്ചു.

✪✪✪

ഡ്യുറന്റ് കപ്പ് ഫുട്ബോൾ ക്വാർട്ടർ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ഇന്ന് രണ്ട് മത്സരങ്ങളുണ്ട്. വൈകിട്ട് നാലിന് ആദ്യ മത്സരത്തിൽ ഷില്ലോങ്ങ് ലാജോങ്ങ്, ഇന്ത്യൻ

നേവിയെയും, രാത്രി എട്ടിന്, നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ബോഡോ ലാൻഡ് FC യെയും നേരിടും.

✪✪✪

ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് ചെസിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ M പ്രാണേഷ് ചലഞ്ചേഴ്സ് കിരീടം നേടി. ചെന്നൈയിൽ റേ റോബിൻസണെ പരാജയപ്പെടുത്തിയാണ് പ്രാണേഷിന്റെ നേട്ടം.

✪✪✪

ഓണവിപണിയിലെ വില നിയന്ത്രിക്കാൻ കൺസ്യൂമർഫെഡ് ഓണച്ചന്തകൾ ഈ മാസം 26 ന് ആരംഭിക്കും. ഏഴ് ദിവസത്തെ ഓണച്ചന്തകൾ സെപ്റ്റംബർ നാലു വരെ തുടരും.

✪✪✪

സംസ്ഥാന വനിതാ കമ്മീഷൻ മെഗാ അദാലത്ത് ഇന്ന് ആലപ്പുഴയിൽ നടക്കും. രാവിലെ പത്തിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് അദാലത്ത്.

✪✪✪

---

*News Editor:ശ്രുതി എം*
*News Reader: അനിൽ ചന്ദ്രൻ*
*NRT: രജിന കെ*
*DEO: ഷീബ*